# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 15/10/ 2020

## വധശ്രമകേസിലെ പ്രതി രണ്ട് വർഷങ്ങൾക്ക് ശേഷം അഷ്ടമുടിയിൽ പിടിയിലായി

കൊല്ലം : രണ്ട് വർഷങ്ങൾക്ക് മുമ്പ് പള്ളിത്തോട്ടം സ്വദേശിയെ കൊലപ്പെടുത്താൻ ശ്രമിച്ചിട്ട് ഒളിവിൽ പോയ ആൾ പരവൂർ പോലീസിന്റെ പിടിയിലായി. വധശ്രമത്തിന് ശേഷം ഒളിവിൽ പോയ അഷ്ടമുടി വീരഭദ്രസ്വാമി ക്ഷേത്രത്തിന് സമീപം മഠത്തിൽ പടിഞ്ഞാറ്റതിൽ വീട്ടിൽ വില്ല്യംസ് മകൻ റോബിൻവില്ല്യംസാണന്ന് (26) പിടിയിലായത്. പരവൂർ പുക്കുളത്ത് സുനാമി ഫ്ളാറ്റിൽ വച്ച് പള്ളിത്തോട്ടം സ്വദേശിയായ ഷഹീറിനെ കൊലപ്പെടുത്താൻ ശ്രമിച്ച കേസിലാണ് പോലീസ് പിടിയിലായത്. കേസിലെ മറ്റ് പ്രതികൾ മുൻപ് പലപ്പോഴായി പോലീസ് പിടിയിലായിരുന്നു. സംഭവത്തിന് ശേഷം ഗുജറാത്ത്, കർണ്ണാടക, തമിഴ്നാട് തുടങ്ങിയ സ്ഥലങ്ങളിൽ മാറി മാറി ഒളിവിൽ കഴിഞ്ഞ ഇയാൾ നാട്ടിൽ വന്നതായി ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിലാണ് അഷ്ടമുടിയിലെ വീടിന് സമീപത്ത് നിന്നും ഇയാളെ പിടികൂടിയത്. ഇയാളെ റിമാന്റ് ചെയ്തു. പരവൂർ ഇൻസ്പെക്ടർ രതീഷിന്റെ നേതൃത്വത്തിൽ എസ്സ്.ഐമാരായ അഷറഫ്, അജയൻ, ഷൂജ, എ.എസ്സ്.ഐ ഹരിസോമൻ, സിപി.ഓമാരയാ ലേഖ, ലിജൂ തുടങ്ങിയവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്.



റോബിൻ വില്ല്യംസ് (26)